# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5162  24.10.2011-ൽ മറുപടിയ്ക്ക്

### ഭൂഗർഭജലത്തെക്കുറിച്ചും ഭൂഗർഭ ജലസംഭരണികളെക്കുറിച്ചും സർവ്വേ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ഉബൈദുള്ള | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഭൂഗർഭ ജലവകുപ്പ് ഭൂഗർഭ ജലത്തെക്കുറിച്ചും ഭൂഗർഭ ജലസംഭരണികളെക്കുറിച്ചും സർവ്വേ നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഭൂഗർഭ ജലം ചൂഷണം ചെയ്യുന്നതിനും കിണർ കുഴിക്കുന്നതിനും എവിടെയെല്ലാം വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്; | (ബി) കിണർ കുഴിക്കുന്നതിന് സംസ്ഥാനത്ത് ഒരിടത്തും വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ അതിയന്നൂർ, തിരുവനന്തപുരം ജില്ല, കൊടുങ്ങല്ലൂർ, തൃശ്ശൂർ ജില്ല, കോഴിക്കോട്, കോഴിക്കോട് ജില്ല, ചിറ്റൂർ, പാലക്കാട് ജില്ല, കാസർകോട്, കാസർകോട് ജില്ല എന്നീ ബ്ലോക്കുകളിൽ കിണർ കുഴിക്കുന്നതിന് ഭൂജലവകുപ്പിന്റെ മുൻകൂർ അനുമതി ആവശ്യമുണ്ട്. |
| (സി) ഭൂഗർഭ ജലം ചൂഷണം ചെയ്യുന്നതുമൂലമുള്ള ആഘാതത്തെക്കുറിച്ച് ഏതെങ്കിലും ഏജൻസികൾ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; | (സി) ഉണ്ട് |

| | |
|---|---|
| (ഡി) എങ്കിൽ പഠനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | ഭൂഗർഭ ജലത്തിന്റെ അമിതചൂഷണം മൂലം താഴെപറയുന്ന ആഘാതങ്ങൾ ഉണ്ടാകുന്നു.<br>1. ഭൂജല ലഭ്യത കുറയുകയും ജല നിരപ്പ് താഴുകയും ചെയ്യും. തന്മൂലം കിണറുകൾ വറ്റുന്നു.<br>2. ധാതുലവണങ്ങളുടെ അളവ് ഉയരുകയും അപ്രകാരം മലിനീകരണമുണ്ടാകുവാനും സാധ്യതയുണ്ട്.<br>3. വേനൽക്കാലത്ത് നദീജലത്തിന്റെ അളവു കുറയുകയും ചെയ്യുന്നു.<br>4. ജല നിരപ്പ് താഴുന്നതുമൂലം പമ്പിംഗ് ചാർജ്ജ് വർദ്ധിക്കുന്നു. |

സെക്ഷൻ ഓഫീസർ